# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.P11-1083/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/09/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.P11-1083/2024 തീയ്യതി: 19/09/2024

# പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-10-2023 മുതൽ 07-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 08-07-2024 | 18-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-07-2024 | 18-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
താരിഖ്.എം.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ
മുഹമ്മദ് ഹിഷാം.എം സീനിയർ ഗ്രേഡ് ഓഡിറ്റർ
സന്ദീപ്.കെ.വി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രിയദർശിനി.എസ്. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ബാഹുലേയൻ.സി.വി. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഷമ.വി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷീബ.സി. | വി.ഇ.ഒ. I | 01-04-2023 | 31-03-2024 |
| ഡോ.ആതിര.പി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2023 | 20-06-2023 |
| ഡോ.ബിബിൻ ചാക്കോ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 21-06-2023 | 31-03-2024 |
| ഡോ.രെഞ്ചി പി.ആനന്ദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ഷെമി.വി.എസ്. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.റംലത്ത്.വൈ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.ലിബി ആന്റണി | കൃഷി ഓഫീസർ | 01-04-2023 | 21-09-2023 |
| ശ്രീ.അജയകുമാർ.ബി. | കൃഷി ഓഫീസർ | 22-09-2023 | 31-03-2024 |
| ശ്രീമതി.ഫാത്തിമ ബീവി.എസ്.എം. | പ്രധാന അധ്യാപിക | 01-04-2023 | 31-03-2024 |
| ശ്രീമതി.സുചിത.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 02-03-2024 |
| ശ്രീ.അജിത്.കെ.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-03-2024 | 31-03-2024 |
| ശ്രീമതി.സുമി.പി. | വി.ഇ.ഒ. II | 01-04-2023 | 25-09-2023 |
| ശ്രീ.ശെൽവകുമാർ.സി. | വി.ഇ.ഒ. II | 26-09-2023 | 31-03-2024 |
| ഡോ.ബിഷ്ണു.എസ്.പ്രസാദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 07-09-2023 |
| ഡോ.അരുണ.എൻ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 08-09-2023 | 27-11-2023 |
| ഡോ.ഫാത്തിമ റഹ്ന.എം. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 28-11-2023 | 19-03-2024 |
| ഡോ.ഹരിപ്രിയ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 20-03-2024 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | ഡെപ്പോസിറ്റ് വർക്കിന് കെ.എസ്.ഇ.ബി.ക്ക് നല്കിയ തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | അക്രൂവൽ സ്വഭാവമില്ലാത്ത വരവുകളിൽ പൊരുത്തേക്കേടു കാണുന്നു | 1-1-4 |
| 6 | സിഎഫ്സി, ഹെൽത്ത് ഗ്രാന്റ് തുകകൾ എ.എഫ്.എസുമായും എസിആറുമായും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അഡ്വാൻസ് തുകകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 19 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-12 |
| 20 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 21 | ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകളിൽ സമയ ബന്ധിതമായി നടപടികളെടുക്കുന്നില്ല. | 1-14 |
| 22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കുട്ടിയിട്ടില്ല | 1-15 |
| 23 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-16 |
| 24 | മിനുട്ട് പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-17 |
| 25 | KSEBക്ക് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-18 |
| 26 | കെൽട്രോൺ മുഖേന സി സി ടി വി ക്യാമറ സ്ഥാപിക്കൽ,-തുടർ വിവരം അറിയിക്കുക | 1-19 |
| 27 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - ക്യു ആർ കോഡ് മുഴുവൻ വീടുകളിലും സ്ഥാപിക്കേണ്ടതാണ് | 1-20 |
| 28 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല. | 1-21 |

| | | |
|---|---|---|
| 29 | ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ-സമയബന്ധിതമായി വിതരണം നടത്തിയിട്ടില്ല | 1-22 |
| 30 | ഗാർഹിക യൂണിറ്റുകൾക്ക് ബയോ കമ്പോസ്റ്റ് ബിൻ നൽകൽ -വാങ്ങിയ ബിന്നുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല | 1-23 |
| 31 | ആർവി പുതൂർ ജിയുപിഎസ് സ്കൂൾ മുൻവർഷങ്ങളിലെ ഓഫീസ്ചെലവുകൾ തൻവർഷം നടത്തി- മതിയായ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-24 |
| 32 | വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം -പണി പൂർത്തിയാക്കിയിട്ടില്ല | 1-25 |
| 33 | എസ് എസ് കെ വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-26 |
| 34 | വിഇഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും -സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല | 1-27 |
| 35 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 36 | ആർവിപി പുതൂർ സ്ക്കൂൾ നവീകരണം പദ്ധതി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-29 |
| 37 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-30 |
| 38 | ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-31 |
| 39 | തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ്- അപാകതകൾ | 1-32 |
| 40 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ -പ്രവർത്തനാവലോകനം | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടിൽ ചെലവഴിക്കാത്ത തുകകൾ | 4-2 |
| 3 | നിക്ഷേപ പ്രവർത്തികളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-പത്രികകൾ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28-5-2024 തീയതിയിലെ 17 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25-6-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-24

വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്,
തീയതി : 19-9-2024

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെകേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation, B-11(E)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-3 ഡെപ്പോസിറ്റ് വർക്കിന് കെ.എസ്.ഇ.ബി.ക്ക് നല്കിയ തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തിക്കായി സെക്രട്ടറി മുഖേന (87/24-തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ) കെഎസ്ഇബി, വേലന്താവളം തൻവർഷം കൈമാറിയ തുക 380995/- രൂപയുടെ വിനിയോഗവിവരം തൻവർഷം ലഭ്യമായിട്ടില്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18- Advance To Implementing Agenciesഎന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകളിൽ പൊരുത്തേക്കേടു കാണുന്നു

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-4 പ്രകാരം Fees & User Charges ആകെ 4879292/-രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 4894663/- രൂപയും ആണ്.

## 1-1-5 സിഎഫ്സി, ഹെൽത്ത് ഗ്രാന്റ് തുകകൾ എ.എഫ്.എസുമായും എസിആറുമായും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | B-4 പ്രകാരം |
|---|---|---|---|---|---|---|
| CFC Untied | 5773974 | 3606365 | 9380339 | 3132232 | 6248107 | 6129783 |
| Health Grant- | 221046 | 775784 | 996830 | 173982 | 822848 | 720541 |

| | | | | | | |
|---|---|---|---|---|---|---|
| Infra Structure | | | | | | |
| Health Grant-Wellness | 212998 | 338832 | 551830 | 120807 | 431023 | 533330 |

മേൽ ഫണ്ടുകളിലെ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല.

## **1-1-6 അഡ്വാൻസ് തുകകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

AFS പ്രകാരമുള്ള അഡ്വാൻസ് തുകകളും അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് രണ്ടിലേതും തുല്യമാണ്.

| | AFS പ്രകാരം-RP-49 | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | നൽകിയത് | തിരിച്ചു ലഭിച്ചത് | നൽകിയത് | തിരിച്ചു ലഭിച്ചത് |
| Other Advances | 207000 | - | 258990 | 152985 |
| Advance To Implementing Officers | 156340 | 153526 | 250470 | 89833 |
| Advance To Others | 238123 | 483355 | 238123 | 63693 |

## **1-1-7 ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

AFS പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് രണ്ടിലേതും തുല്യമാണ്.

| | AFS പ്രകാരം-RP-33 | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | വരവ് | തിരിച്ചു നൽകിയത് | വരവ് | തിരിച്ചു നൽകിയത് |
| Contractors Retention | 207702 | 55481 | 233937 | 85371 |
| Election Deposit | 16000 | - | 36000 | 20000 |
| Bidder's EMD | 9900 | 500 | 15400 | 60000 |
| Other Deposits | 99358 | 4000 | 107358 | 37000 |

## **1-2 ബജറ്റ്**

22-3-2023 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

പരിഷ്കരിച്ച ബജറ്റ് 24-2-2024തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | ₹2035061 |
| വരവ് | ₹220394500 |
| ആകെ | ₹222429561 |
| ചെലവ് | ₹219616000 |
| നീക്കിയിരിപ്പ് | ₹2813561 |

## **1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | ₹19946390 |
| വരവ് | ₹37116282 |

| | |
|---|---|
| ആകെ | ₹57062672 |
| ചെലവ് | ₹34687110 |
| നീക്കിയിരിപ്പ് | ₹22375562 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 18678017 | 18678017 | 15974527 | 2703490 |
| വികസനഫണ്ട് എസ്.സി.പി | 0 | 9072154 | 9072154 | 5878423 | 3193731 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 1327769 | 1327769 | 757635 | 570134 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11287000 | 11287000 | 5867362 | 5419638 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5170000 | 5170000 | 3364425 | 1805575 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ബാങ്ക് | 5773974 | 3606365 (3313000 + 293365-Int.) | 9380339 | 3250556* (3132232 +114-Bank Charge +118210) | 6129783 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 4472323 | 2484500 | 6956823 | 4871514 (4871508 + 6 -Bank Charge) | 2085309 |

*സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)- ചെലവ് പത്രിക പ്രകാരമുള്ള യഥാർത്ഥ ചെലവ് ₹3132232 ആണ് (I-6 -813847 +2318385 +114-Bank Charges). ചെലവിൽ 118210 രൂപയുടെ വ്യത്യാസം (ഹെഡ് -160300299) സുലേഖ സാംഖ്യ സോഫ്റ്റ്‌വെയറുകളിൽ രേഖപ്പെടുത്തൽ വരാതെ ബി-4 ഷെഡ്യൂളുമായി 118210 രൂപയുടെ വ്യത്യാസം വന്നതിനാൽ കണക്ക് കൃത്യമാക്കുന്നതിനായി ജേണൽ ഇട്ടതാണ്. ILGMS-ന്റെ തുടക്കത്തിൽ Opening Balance Entry-യിൽ പറ്റിയ പിഴവാണെന്നും തൻവർഷം അപാകത പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 6/9-7-2024).

## കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 2324890 | 51246 | 2376136 | 0 | 2376136 |
| ICDS | 594301 | 1327367 | 1921668 | 1764856 | 156812 |
| Health Grant - Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 212998 | 338832 | 551830 | 18500* | 533330 |

| | | | | | |
|---|---|---|---|---|---|
| Health Grant Towards Support For Diagnostic Infrastructure To The PHCs | 221046 | 775784 | 996830 | 276289* (173982 +102307) | 720541 |

ഹെൽത്ത് ഗ്രാന്റ് Infrastructure & Wellness വരവ്, ചെലവ് തുകകളുടെ ബാലൻസ് വാർഷിക ധനകാര്യ പത്രികയുമായി (B-4 & 40-B) പൊരുത്തപ്പെടുന്നില്ല.

ഹെൽത്ത് ഗ്രാന്റ് Infrastructureലെ ചെലവിൽ ഉൾപ്പെട്ട ₹102307 -160100770 എന്ന ഹെഡിൽ ഉൾപ്പെട്ട തുകയാണ്.

ഐകെഎം ചെലവു പത്രിക പ്രകാരമുള്ള ചെലവ് -ഹെൽത്ത് ഗ്രാന്റ് Infrastructure - 120807 രൂപയും ഹെൽത്ത് ഗ്രാന്റ് Wellness 173982 രൂപയും ആണ്.

ഹെൽത്ത് ഗ്രാന്റ് -320100202, 320100204 ഹെഡുകൾ- 31-3-2024-ലെ ബാങ്ക് ബാലൻസ് പ്രകാരം B-4 ഷെഡ്യൂൾ ക്രമീകരിക്കുന്നതിന് ജേണൽ എൻട്രി ചെയ്തപ്പോൾ സംഭവിച്ച പിഴവാണ് വ്യത്യാസം വന്നതിന് കാരണം. മേൽ പറഞ്ഞ രീതിയിൽ ജേണൽ ചെയ്തപ്പോൾ ആയത് Receipt & Payment റിപ്പോർട്ടിൽ വരുകയില്ല. തൻവർഷം അപാകത പരിഹരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻകചയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2. തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1942 | 1466159 | 1468101* | 1468101* | 0 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 31427702 | 31427702 | 31427702 | |
| ആകെ | 1942 | 32893861 | 32895803 | 32895803 | |

*AFS-ൽ I-14(F)- ₹1467435 +666 -2ആളുകൾക്ക് അധികം നൽകിയ തുക തിരിച്ചു നൽകിയത് = 1468101

<u>സംസ്ഥാനാവിഷ്കൃതം</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ(ജനറൽ) | 520000 | 5540000 | 6060000 | 5440000 | 620000 |
| ലൈഫ് മിഷൻ (എസ്സിപി) | 300000 | 0 | 300000 | 5 | 299995 |
| ശുചിത്വ മിഷൻ | 2600238 | 0 | 2600238 | 450000 + 21(Bank Charges) | 2150217 |
| | | 23510 (Int) | 23510 | | 23510 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കുടുംബശ്രീ ബഡ്സ് സ്കൂൾ | 851812 | 0 | 851812 | 0 | 851812 |
| ആയുഷ്മിഷൻ-ഹോമിയോ | 450000 | 0 | 450000 | 0 | 450000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 138533313 | 141 | 59510468 | 0 | 56 | 71.57 |

<u>വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 7090714 | 2037169 | 28.73 |
| വി.ഇ.ഒ. I | 12 | 6 | 7100950 | 1861429 | 26.21 |
| വി.ഇ.ഒ. II | 13 | 10 | 43600620 | 17227714 | 39.51 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 11 | 8111253 | 5923192 | 73.02 |
| സെക്രട്ടറി | 44 | 33 | 18959857 | 10830736 | 57.12 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 70 | | 42209127 | 15348873 | 36.36 |
| മെഡിക്കൽ ഓഫീസർ-PHC | 16 | 15 | 4235792 | 2237045 | 52.81 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 865000 | 756541 | 87.46 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 500000 | 425952 | 85.19 |
| വെറ്ററിനറി സർജ്ജൻ | 9 | 7 | 2160000 | 982500 | 45.49 |
| പ്രധാന അധ്യാപകൻ | 5 | 3 | 700000 | 379317 | 54.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2 | 3000000 | 1500000 | 0 |
| ആകെ | 197 | 141 | 138533313 | 59510468 | 42.96 |

* ചെലവു പത്രികയിൽ ജി.ഒ. പ്രൊജക്ടുകളായ ലൈഫ് (ജനറൽ), ലൈഫ് (എസ്‌സിപി), ലൈഫ്(ടി.എസ്.പി), അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയുടെ

ആകെ തുക ₹5818277/- വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## <u>1-6 തൊഴിലുറപ്പു പദ്ധതി</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1942 | 1466159 | 1468101* | 1468101 | 0 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 31427702 | 31427702 | 31427702 | 0 |
| ആകെ | 1942 | 32893861 | 32895803 | 32895803 | 0 |

*AFS-ൽ I-14(F)- ₹1467435 +666 -2ആളുകൾക്ക് അധികം നൽകിയ തുക തിരിച്ചു നൽകിയത് = 1468101

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1,248800 | 102 |
| 2 | വാർദ്ധക്യകാല പെൻഷൻ | 18,804,100 | 1750 |
| 3 | വികലാംഗ പെൻഷൻ | 2,051000 | 189 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 177,600 | 16 |
| 5 | വിധവാ പെൻഷൻ | 11,821,000 | 1099 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.07.2024 തീയ്യതിയിൽ 3.30 Pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 6297/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ 100% നേടുന്ന ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി യോഗങ്ങളുടെ മിനിട്ടുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു. യോഗമിനുട്ടുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

ഐഎസ്ഒ സർട്ടിഫിക്കേഷൻ 2024 മെയ് മാസം പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കുമുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

മാലിന്യ സംസ്ക്കരണത്തിനായി സ്ഥിരം എം.സി.എഫ്. കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

28-12-2019 മുതൽ 9-1-2020 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 3 ഖണ്ഡികകൾ [II-ബി-II, III-(2), 1(2)] തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

9-1-2020 തിയതിയിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2017-18 വർഷത്തെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 3 ഖണ്ഡികകൾ [II-ബി-1, II-ബി-2, II-ബി-3] തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 മാസത്തെ ഓഡിറ്റ് 17-1-2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻപ്രകാരം 2021-22 വർഷത്തെ 46 ഖണ്ഡികകളും 4/22 മുതൽ 12/2022വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ 30 ഖണ്ഡികകളും കൂടി ആകെ 76 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | DLS PALAKKAD | 2 |
| 2 | ARD 46 VANNAMADA | 2 |
| 3 | GEO AGRO TECH | 2 |
| 4 | GAUTHAM EXTRACT | 2 |
| 5 | MOONGILMADA SERVICE CO BANK | 2 |
| 6 | MAHESHWARI FUELS VANNAMADA | 2 |
| 7 | MAVELI STORE | 2 |
| 8 | IRUL BROKEN RICE MILL | 2 |
| 9 | BISMILLA MODERN RICE MILL | 2 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 22/17.07.2024 ന് മറുപടിയായി ചൂണ്ടികാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ലഭിക്കാനുണ്ട് എന്നും ടി തുക ഉൾപ്പടെ ഈവർഷത്തെ ഡിമാന്റിൽ ഉൾപ്പെടുത്തി മുഴുവൻ തുകയും ഈടാക്കാമെന്നും ബോധിപ്പിച്ചിട്ടുണ്ട്.
മേൽ പട്ടിക പ്രകാരമുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി തൊഴിൽ നികുതി റിട്ടേൺസ്, രസീതി എന്നിവ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B-15 പ്രകാരം വസ്തു നികുതി ഇനത്തിൽ **1,17,174**/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു.

കുടിശ്ശിക വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1 | Property Tax Residential Buildings(Current) | 7617 |
| 2 | Property Tax Residential Buildings(Arrears) | 8514 |
| 3 | Property Tax Non Residential Buildings(Current) | 25249 |
| 4 | Property Tax Non Residential Buildings(Arrears) | 75794 |
| | **ആകെ** | **117174** |

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമങ്ങൾ നടത്തേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 23/17.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235ഡബ്ലിയു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സെക്ഷൻ 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 55 കെട്ടിടങ്ങളുടെ വിവരം അനധികൃത നിർമ്മാണം സംബന്ധിച്ച സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

യു.എ നമ്പർ അനുവദിച്ച ഏതാനും കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 14/70 A | ജോർജ്.എ | 169.92 | പാർപ്പിടം |
| 2 | 2/482 A | യൂക്കരിസ്റ്റ ജെറോം | 101.22 | പാർപ്പിടം |
| 3 | 9/551 A | കൗസല്യ | 105.28 | പാർപ്പിടം |

| | | | | |
|---|---|---|---|---|
| 4 | 12/1 UA | പച്ചിയപ്പൻ S/O സ്വാമിയപ്പ കവുണ്ടർ | 161.8 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ |

ഓഡിറ്റ് അന്വേഷണം നം. 23/17.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അനധികൃതമായി നിർമ്മാണം നടത്തി നിർമിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അതുവരെ 235 എഐ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-14 ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകളിൽ സമയ ബന്ധിതമായി നടപടികളെടുക്കുന്നില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (ജി.ഓ(പി) നം.78/2019/ ത.സ്വ.ഭ.വ തീ.02.11.2019 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ 30 ദിവസത്തിനകം നടപടിയെടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ എടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ സമർപ്പിച്ചത് | പെർമിറ്റ് നൽകിയത് |
|---|---|---|---|
| 1 | രാജേന്ദ്രൻ | 4285/20.07.23 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ, മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 2 | പ്രിൻസി | 4298/21.07.23 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ, മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 3 | നാസറുദ്ധീൻ | 4164/04.07.23 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ, മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 4 | കരുണാകരൻ | 4352/26.07.23 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ, മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 5 | സെൽവരാജ് | 4482/04.08.23 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ, മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| 5 | ഗീത | 4495/05.08.23 | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ, മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |

അപേക്ഷകളിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-പ്രകാരം സമയബന്ധിതമായി നടപടികൾ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/17.07.2024) ന് അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളോ, നിലവിലെ അവസ്ഥയോ അറിയിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ മുതൽക്കൂട്ടാത്തതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.

| DEPOSITS | CLOSING BALANCE | മുതൽ കൂട്ടാവുന്ന തുക |
|---|---|---|
| Election Deposit | 39000 | 10500<br>(2020 വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്തത്) |
| Bidders EMD | 52714 | 33130<br>(2014 മുതൽ 2020 വരെ) |
| Suppliers Security Deposit | 59075 | 21575<br>(2014 മുതൽ 2018 വരെ) |
| Water Deposit | 6000 | 6000<br>(2018 മുതൽ 2020 വരെ) |
| Retention | 395865 | 9383<br>(2019 മുതൽ 2020 വരെ) |
| Suppliers EMD | 125715 | 13165<br>(2018 മുതൽ 2020 വരെ) |

കേരള ഫിനാൻഷ്യൽ കോഡ് വോല്യം 1 ആർട്ടികൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 79 പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മൂന്നു വർഷം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തൊട്ടടുത്ത ദിവസം തന്നെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കുട്ടാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ പട്ടികയിൽ പറഞ്ഞ ഡെപ്പോസിറ്റുകൾ കാലാവധി കഴിഞ്ഞിട്ടും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/17.7.24) ന് മറുപടി നൽകിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 79 പ്രകാരം മൂന്നുവർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള ക്രമീകരണങ്ങൾ വരുത്തി ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-16 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2023-24 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുകകൾ നാളിതുവരെയായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

| ഹെഡ് | തുക ലഭിച്ച വർഷം | ബാലൻസ് തുക B-4 | പ്രൊജക്ടിന്റെ പേര് | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 320300199 | 2021-22 | 520000 | ലൈഫ് (ജനറൽ) | സംസ്ഥാന വിഹിതം |
| | 2023-24 | 100000 | | |
| 320400199 | 2021-22 | 299995 | ലൈഫ് (എസ്സിപി) | സംസ്ഥാന വിഹിതം |

ലൈഫ് പദ്ധതിക്കായി ലഭിച്ച തുകകൾ നാളിതു ചെലവഴിച്ചിട്ടില്ല.

ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6/9-7-2024)

## 1-17 മിനുട്ട് പൂര്ത്തീകരിക്കുന്നതിൽ കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച പിറ്റേന്നു തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.
മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A) ഭരണ സമിതി

| ക്രമ നം. | യോഗ നമ്പർ | യോഗ തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി | മിനിട്ട് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 9 | 13-04-23 | 17-05-23 | 18-05-23 |
| 2 | 10 | 03-05-23 | 19-06-23 | 20-06-23 |
| 3 | 11 | 15-05-23 | 09-08-23 | 10-08-23 |
| 4 | 26 | 13-12-23 | 5-01-24 | 5-01-24 |
| 5 | 27 | 30-12-23 | 17-02-24 | 17-02-24 |

ബി) സ്റ്റാറ്റിങ്ങ് കമ്മിറ്റി മിനിട്ട്സ്

| ക്രമ നം. | യോഗ നമ്പർ | യോഗ തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി | മിനിട്ട്സ് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 6 | 07-08-23 | 20-09-23 (ധനകാര്യം) | 20-09-23 |
| 2 | 2 | 30-12-23 | 23-03-24 (ആരോഗ്യം) | 23-03-24 |

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ആകെ നടത്തിയ 15 യോഗങ്ങളിൽ 15മിനിട്ട്സുകൾ പൂർത്തികരിച്ചിട്ടുണ്ട്.

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം (7/09-07-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-18 KSEBക്ക് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്ക് പ്രവൃത്തി നടത്തുന്നതിന് കെ എസ് ഇ ബി, വേലന്താവളത്തിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണം- സെക്രട്ടറി

| ക്രമ നം. | പ്രോ ജക്ട് /പ്രോ ജക്ട് നം | നൽകിയ തുക | റിമാർക്ക് |
|---|---|---|---|
| 1 | 87/24 തെരുവുവിളക്കുകൾക്ക് ലൈൻ ദീർഘിപ്പിക്കൽ | 380995/26-03-24 | KSEB, വേലന്താവളംനൽകിയത് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല |

തുക ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കെ എസ് സി ബിയിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം (3/08-07-24) നൽകിയതിനു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെ എസ് ഇ ബി ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

**1-19 കെൽട്രോൺ മുഖേന സി സി ടി വി ക്യാമറ സ്ഥാപിക്കൽ,-തുടർ വിവരം അറിയിക്കുക**

നിർവ്വഹണം -സെക്രട്ടറി

| 217/24,സി സി ടി വി കാമറ സ്ഥാപിക്കൽ, ജി വി പോയിന്റ് ആർ വി പുതൂർ | | പ്രൊജക്ട്- 218/24, സി സി ടി വി ക്യാമറ സ്ഥാപിക്കൽ, ജി വി വണ്ണാമട -ഗോപാലപുരം റോഡ് | |
|---|---|---|---|
| അടങ്കൽ | 153000 | അടങ്കൽ | 240890 |
| ചെലവ് (സുലേഖ പ്രകാരം) | 153000 | ചെലവ് | 240890 (സുലേഖ പ്രകാരം) |

എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ജി വി പോയിന്റ് ആർ വി പുതുർ, ജി വി പോയിന്റ് വണ്ണാമട- ഗോപാലപുരം റോഡ് എന്നിവടങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുന്നതിനു 50000(429/21-03-24,430/21-03-24) രൂപ കെൽട്രോണിനു കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സി സി ടി വി ക്യാമറ സ്ഥാപിച്ച ശേഷം മാത്രമെ ബാക്കി തുക കൈമാറുകയുള്ളൂ . സി സി ടി വി ക്യാമറ സ്ഥാപിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (5/09-07-24) നൽകിയതിൽ പ്രവൃത്തി ആരംഭിക്കുവാൻ കെൽട്രോണിനു കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

15.07.2024 നു ഓഡിറ്റ് ടീമും പഞ്ചായത്ത് ഉദ്യോഗസ്ഥരും ചേർന്ന് സ്ഥലം നേരിട്ട് പരിശോധിച്ചതിൽ ടി വി ക്യാമറ സ്ഥാപിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

**1-20 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - ക്യൂ ആർ കോഡ് മുഴുവൻ വീടുകളിലും സ്ഥാപിക്കേണ്ടതാണ്**

ഹരിതകർമ്മസേന മാലിന്യ പ്രവർത്തനങ്ങൾക്ക് ക്യൂ.ആർ കോഡ് പതിച്ചുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കെൽട്രോണിന്

തുക കൈമാറുന്നതിനായി, ജി.ഒ.(ആർ.ടി)നം.2307/2021/LSGD തീയതി 18.11.21 പ്രകാരം പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം-73/24, | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം |
| അടങ്കൽ | 210000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 192900 |
| ബിൽ നമ്പർ / തീയതി | 415/18-01-24, 135700<br>416/18-03-24,7200<br>363/02-03-24,50000 |

ഫയൽ പരിശോധിച്ചതിൽ സർവ്വീസ് ചാർജ്ജും ക്യൂ ആർ കോഡും വാങ്ങിയതുൾപ്പെടെ 135700 രൂപയും എസ്.എം.എസ് തുക ഇനത്തിൽ 7200 രൂപയും ലാപ്പ്ടോപ്പ് തുക 50000 രൂപയും കൂടി ആകെ 192900 രൂപ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കെൽട്രോണുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് 192900 രൂപ 03/24 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ക്യു.ആർ കോഡ് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയതിൽ (4/09-07-24) 166 വീടുകളിൽ ക്യു.ആർ കോഡ് പതിപ്പിക്കുവാൻ അവശേഷിക്കുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതും ക്യു.ആർ കോഡ് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്.

## 1-21 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്നമ്പർ / പേര് | 203/2024<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 400000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 400000/- |
| ബിൽ നം തിയ്യതി | 6/24, തിയതി:21/02/2024<br>400000/-രൂപ. |

4,00,000/-രൂപ. രൂപ Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| LF-10/24.04.2024 | 97103/- |
| | **Total: 97103 രൂപ** |

**302897/-** രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി ഇൻവോയിസ് സഹിതം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണത്തിന് (നം.9/10.7.24) ന് മറുപടിയായി അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിനായി ഹോം കോയിലെക്ക് കത്ത് അയച്ചിട്ടുണ്ട് എന്നും മരുന്ന് ലഭ്യമാക്കുന്ന മുറക്ക് അറിയിക്കാമെന്നും മറുപടി നൽകി.

## 1-22 ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ-സമയബന്ധിതമായി വിതരണം നടത്തിയിട്ടില്ല

| പ്രൊജക്ട് നം- | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ | പ്രൊജക്ട് നം-56/24 | ഭിന്ന ശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ |
|---|---|---|---|
| അടങ്കൽ | 100000 | അടങ്കൽ | 272770 |
| ചെലവ് | 95480 | ചെലവ് | 170374 |
| ബിൽ നമ്പർ തീയ്യതി/ തുക | 36/12-02-24, 95480 | ബിൽ നമ്പർ തീയ്യതി / തുക | 25/20-11-23- 18500<br>37/25-03-24 -1,51874 |
| നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ | | | |

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വികലാംഗർക്കും വയോജനങ്ങൾക്കും സഹായ ഉപകരണങ്ങള് വാങ്ങിയിട്ടുള്ളത്. 18500 രൂപ ചെലവഴിച്ച് ക്യാമ്പ് നടത്തിയിട്ടുണ്ട്. യഥാക്രമം Invoice No-094/24, 06-01-2024 പ്രകാരം 151874 രൂപയുടെയും Invoice No-074/24, 29-12-2024 പ്രകാരം 95480 രൂപയുടെയും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും സമയബന്ധിതമായി വിതരണം നടത്തിയിട്ടില്ല. 15.07.2024 നു ഓഡിറ്റ് ടീം പഞ്ചായത്ത് ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ സ്ഥലം നേരിട്ട് പരിശോധന നടത്തി. ഭിന്ന ശേഷിക്കാർക്കും വയോജനങ്ങൾക്കും വാങ്ങിയ ഉപകരണങ്ങൾ അങ്കണവാടി- സെന്റർ നമ്പർ 61ൽ സൂക്ഷിച്ചിട്ടുള്ളത് പരിശോധന വേളയിലാണ് വിതരണം നടത്തുന്നതായി നേരിൽ കണ്ടു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം (15, 16/12-07-24) ഇലക്ഷൻ ആയതു കൊണ്ടാണ് ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ സാധ്യമായില്ലാ എന്ന് അറിയിച്ചിട്ടുള്ളത്.

സമയബന്ധിതമായി ഉപകരണങ്ങൾ വിതരണം നടത്തിയില്ലെങ്കിൽ അവ കേടാകുകയും ആവശ്യക്കാർക്ക് ഉപകാരമില്ലാത്താവുകയും ചെയ്യും എന്ന് ഓർമ്മപ്പെടുത്തുന്നു.
വരും വർഷങ്ങളിൽ കൃത്യമായ സമയത്തു തന്നെ പ്രൊജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഗാർഹിക യൂണിറ്റുകൾക്ക് ബയോ കമ്പോസ്റ്റ് ബിൻ നൽകൽ -വാങ്ങിയ ബിന്നുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നം. | 127/24 (ഗാർഹിക യൂണിറ്റുകൾക്ക് ബയോ കമ്പോസ്റ്റ് ബിൻ നൽകൽ |
| അടങ്കൽ | 222032/- (200000/-CFC, 22032/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 111016/- CFC |
| സാംക്ഷൻ ഓർഡർ | 382/12.3.24 |

സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ഗാർഹിക യൂണിറ്റുകൾക്ക് ബയോ കമ്പോസ്റ്റ് ബിൻ നൽകൽ പ്രോജക്ട് പ്രകാരം IRTC മുണ്ടൂരിൽ നിന്നും ബയോ കമ്പോസ്റ്റ് ബിന്നുകൾ 113 എണ്ണം വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| ഇൻവോയിസ് നം. | NB2B/23-24/184 തി.28.3.24 |
| എണ്ണം | 113 |
| വില | 113x1785=201705 |

സാമ്പത്തിക വർഷത്തിൽ ഐആർടിസിക്ക് ഭാഗികമായി തുക നൽകിയിരിക്കുകയാണ് ചെയ്തിട്ടുള്ളത് (111016 രൂപ).ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല.പ്രോജക്ട് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം 180 രൂപ വീതം(10%) പിരിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയത് 2024-25 സാമ്പത്തികവർഷത്തിൽ മാത്രമാണ് എന്ന്കണ്ടെത്തി.ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തുവെന്ന് ഉറപ്പാക്കാതെ തന്നെ 2023-24 വർഷത്തിൽ IRTC യുമായി കരാറിലേർപ്പെടുകയും ബിന്നുകൾ 113 എണ്ണം ഇറക്കി 111016 രൂപ പാർട്ട് പേമെന്റ്ആയി നൽകുകയും ചെയതിട്ടുണ്ട്.
2.പ്രസ്തുത ബയോ കമ്പോസ്റ്റ് ബിന്നുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. നേരിട്ട് പരിശോധിച്ചതിൽ 18 ബിന്നുകൾ ഇനിയും വിതരണ പൂർത്തിയാക്കാതെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി.



**വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ബിന്നുകൾ**

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/12.7.24) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. അവശേഷിക്കുന്ന ബയോബിന്നുകൾ എത്രയും വേഗം വിതരണം ചെയ്യേണ്ടതാണ്. യഥാസമയം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തുവെന്ന് ഉറപ്പാക്കി മാത്രം ഭാവിയിൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ആർവി പുതൂർ ജിയുപിഎസ് സ്കൂൾ മുൻവർഷങ്ങളിലെ ഓഫീസ്ചെലവുകൾ തൻവർഷം നടത്തി- മതിയായ രേഖകൾ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം. | 52/24 ആർവി പുതൂർ ജിയുപിഎസ് സ്കൂൾ ഓഫീസ് ചെലവുകൾ |
| അടങ്കൽ | 50000/- മെയിന്റനൻസ് ഗ്രാന്റ് |
| ചെലവ് | 29317 മെയിന്റനൻസ് ഗ്രാന്റ് |
| ട്രഷറി ബിൽ നം. | 5/28.2.24 - 29317 |

മേൽ പ്രോജക്ട് പ്രകാരം ആർവി പുതൂർ ജിയുപിഎസ് സ്കൂൾ -ന്റെ ഇലക്ട്രിസിറ്റി ബിൽ ഇനത്തിലും ടെലഫോൺ ബിൽ ഇനത്തിലും 8.9.2020 തിയതി മുതലുള്ള തുകകൾ സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുകൾ മുൻവർഷങ്ങളിൽ തന്നെ നിർവഹിക്കാത്തത് സംബന്ധിച്ചും

മുൻവർഷങ്ങളിൽ ഇതേ ചെലവുകൾക്ക് തുക നൽകിയിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനുമുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/12.7.24)നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം -പണി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്റ്റ് നം. | 191/24 (പഠനമുറി നിർമ്മാണം, എസ്.സി-സ്പിൽ ഓവർ) |
| അടങ്കൽ | ₹.1250000/- (വികസനഫണ്ട്-SCP) |
| ചെലവ് | ₹.105000/- (വികസനഫണ്ട്-SCP) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 200000 രൂപ ധനസഹായം നൽകുക എന്നതാണ് പ്രോജക്റ്റ്.പ്രോജക്റ്റിന്റെ ഭാഗമായി 9 ഗുണഭോക്താക്കൾക്ക് ധനസഹായം വിവിധ ഗഡുക്കളായി നൽകിയിട്ടുണ്ട്.എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് പ്രോജക്റ്റ് ഫയൽ,രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ധനസഹായം നൽകിയത് |
|---|---|---|
| 1 | പശുപതി S/O പരമേശ്വരൻ | 30000- 7.11.23<br>60000-10.11.23<br>80000-30.11.23 |
| 2 | വിഷ്ണു S/O വീരകുമാർ | 30000- 7.11.23<br>60000-10.11.23<br>80000-30.11.23 |

ഇത് സംബന്ധിച്ച് ഓഡിറ്റ്വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/12.7.2024) പശുപതി S/O പരമേശ്വരൻ എന്ന ഗുണഭോക്താവ് പഠനമുറിയുടെ നിർമാണം പൂർത്തീകരിച്ചതാണെന്നും ഫയൽ വാല്യൂഷൻ ലഭിക്കുന്നതിനായി എ.ഇ ക്ക് നൽകിയതാണെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.ക്രമ നം.2 ഗുണഭോക്താവിന്റെ നിർമാണം പൂർത്തീകരിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 എസ് എസ് കെ വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് | 49/24 എസ് എസ് കെ വിഹിതം നൽകൽ |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ, ചെലവ് | 200000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം./സാംക്ഷൻ ഓർഡർ | 164/7.11.2023 - 200000 രൂപ |

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം 200000 രൂപ വികസനഫണ്ടിൽ നിന്നും എസ് എസ് കെ യുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പരിധിയിലെ എസ് എസ് കെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ കത്ത്/ ഡിമാന്റ്, അനുവദിച്ച തുക വിവിധ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിയത് സംബന്ധിച്ച എസ് എസ് കെ യിൽ നിന്നുള്ള വിനിയോഗ

സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം.12/12.7.24)നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്.

## 1-27 വിഇഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും -സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് | 19/24 *വിഇഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ* |
| അടങ്കൽ | ₹100000/- (മെയിന്ററനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹.93390/- (മെയിന്ററനൻസ് ഗ്രാന്റ് നോൺ റോഡ്) |

വിഇഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി ഓഫീസിന്റെ സാങ്കേതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് വിഇഒ നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ടിലൂടെ GEM പർച്ചേസ് വഴി ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| നം. | ഉപകരണം | വില | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 1 | ഹൈക്കോൺ ടുബുലാർ ബാറ്ററി | 21000 | പോസിറ്റീവ് ബിസിനസ് സൊലൂഷൻസ്, പാലക്കാട് |
| 2 | യുപിഎസ് | 18000 | “ |
| 3 | ഡെസ്ക്ക്ടോപ്പ് ACER | 54390 | കടവിൽ ഇൻഫോടെക്ക്, കോട്ടയം |

വാങ്ങലുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.ലഭ്യമായ ഉപകരണങ്ങൾ ആവശ്യപ്പെട്ട റിക്വയർമെന്റ്/ സ്പെസിഫിക്കേഷൻ അനുസരിച്ചിട്ടുള്ളതാണെന്ന് ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ചു സർട്ടിഫൈ ചെയ്യതിട്ടില്ല.
2.ഉപകരണങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നിർവഹണ ഉദ്യയോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/15.7.24)നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ചു സർട്ടിഫൈ ചെയ്യതിന്റെയും ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ആയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

**1. 16/24-ലൈഫ് മിഷൻ -ടി.എസ്.പി**

അടങ്കൽ - ടി.എസ്.പി-300000 രൂപ

ചെലവ് - 135500 രൂപ (ടി.എസ്.പി)

**2. 15/24-ലൈഫ് മിഷൻ -SCP**

അടങ്കൽ - 27240000 രൂപ (**SCP**-1380000 രൂപ, സ്റ്റേറ്റ് ഷെയർ-7000000, ബ്ലോക്ക്-5000000, ജില്ലാ പഞ്ചായത്ത്- 5000000, മറ്റുള്ളവ – 8860000)

ചെലവ് -1430000രൂപ (SCP-1360000, സ്റ്റേറ്റ് ഷെയർ-5440000,ബ്ലോക്ക്-2760000,ജില്ലാ പഞ്ചായത്ത്-4380000 ,മറ്റുള്ളവ – 360000)

**3. 196/24-ലൈഫ് മിഷൻ-General**

അടങ്കൽ - 3000000 രൂപ (**General**-1000000 രൂപ, ബ്ലോക്ക്-500000, ജില്ലാ പഞ്ചായത്ത്-500000, മറ്റുള്ളവ – 1000000)

ചെലവ് - 700000 രൂപ (General-440000 രൂപ, ബ്ലോക്ക്-120000, ജില്ലാ പഞ്ചായത്ത്- 140000)

**4.197/24 ലൈഫ് മിഷൻ -ടി.എസ്.പി -സ്പിൽ ഓവർ**

അടങ്കൽ - 2170500 (ടി.എസ്.പി-570500 രൂപ, ബ്ലോക്ക്-300000, ജില്ലാ പഞ്ചായത്ത്-300000, മറ്റുള്ളവ 1000000)

ചെലവ്-1100500 (ടി.എസ്.പി-570500 രൂപ, ബ്ലോക്ക്-260000, ജില്ലാ പഞ്ചായത്ത്- 270000)

**<u>ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ പട്ടിക</u>**

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ഭവനനിർമ്മാണം ആരംഭിച്ചതാണെങ്കിലും നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

യൂണിറ്റ്കോസ്റ്റ്-4 ലക്ഷം രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | കനക മണി കൊപ്പുണ്ണി - വാർഡ് 12 | 2018-19 | 300000 | 13.11.2019 |
| 2 | പ്രിയ അച്യുതൻ -വാർഡ് 5 | 2018-19 | 260000 | 20.8.2020 |
| 3 | ബിന്ദു രാധാകൃഷ്ണൻ രാജീവ് കോളനി-വാർഡ് 2 | 2018-19 | 260000 | 13.11.2019 |
| 4 | ലക്ഷ്മി ശ്രീനിവാസൻ – വാർഡ് 14 | 2018-19 | 260000 | 13.11.2019 |
| 5 | സുപ്രിയ നന്ദകുമാർ -വാർഡ് 13 | 2018-19 | 260000 | 13.11.2019 |
| 6 | കാർത്യായനി വാസു –വാർഡ് 3 | 2018-19 | 260000 | 6.7.23 |
| 7 | കലാവതി ആറുമുഖൻ – വാർഡ് 13 | 2018-19 | 300000 | 23.9.2023 |
| 8 | അമ്മലു ജോസഫ് – വാർഡ് 3 | 2018-19 | 260000 | 13.11.2019 |
| 9 | മല്ലിക ശക്തിവെൽ – വാർഡ് 9 | 2018-19 | 260000 | 13.11.2019 |
| 10 | ഗീതാമണി ധൻ രാജ് – വാർഡ് 13 | 2018-19 | 260000 | 13.11.2019 |
| 11 | രജതി ബാലൻ – വാർഡ് 5 | 2018-19 | 200000 | 22.6.2019 |
| 12 | അഷ്ടലക്ഷ്മി കുപ്പുസ്വാമി – വാർഡ് 2 | 2018-19 | 260000 | 13.11.2019 |
| 13 | തമിഴരസി തങ്കവേലു – വാർഡ് 9 | 2018-19 | 260000 | 18.11.2019 |
| 14 | നാച്ചമ്മാൾ മാരിയപ്പൻ – വാർഡ് 7 | 2018-19 | 260000 | 13.11.2019 |
| 15 | മങ്കയ കരുസേ വടിവേൽ | 2018-19 | 360000 | 31.3.2023 |
| 16 | രാജമ്മാൾ തിരുമൂർത്തി – വാർഡ് 6 | 2019-20 | 240000 | 23.12.2021 |

| | | | | |
|---|---|---|---|---|
| 17 | ശ്രീമതി ജഗന്നാഥൻ – വാർഡ് 4 | 2019-20 | 300000 | 30.3.2020 |
| 18 | ബഷീർ ബീഗം | 2019-20 | 200000 | 25.6.2020 |
| 19 | നിശാന പർവീൻ | 2019-20 | 260000 | 28.10.23 |
| 20 | ബാലനാഗമൾചിന്നപ്പൻ – വാർഡ് 2 | 2019-20 | 260000 | 24.8.2020 |
| 21 | സുജ്ഞാന ശാഹുൽ ഹമീദ് – വാർഡ് 5 | 2019-20 | 200000 | 25.6.2020 |
| 22 | ദൈവാൻ – വാർഡ് 4 | 2019-20 | 260000 | 28.10.21 |
| 23 | രാധാമണി നല്ലുസ്വാമി | 2019-20 | 360000 | - |
| 24 | പങ്കജം ശബരിനാഥൻ – വാർഡ് 5 | 2019-20 | 260000 | - |
| 25 | പ്രീജശശികുമാർ | 2019-20 | 200000 | 22.3.21 |
| 26 | ദീപ കണ്ണൻ -വാർഡ് 10 | 2019-20 | 300000 | 13.12.2022 |
| 27 | ഫാത്തിമ ബീവി -വാർഡ് 11 | 2020-21 | 300000 | 13.12.2022 |
| 28 | ആമിനു അൻസിൽ -വാർഡ് 12 | 2021-22 | 300000 | 31.3.2023 |
| 29 | മുത്തുലക്ഷ്മി സുബ്രഹ്മണ്യം -വാർഡ്3 | 2020-21 | 360000 | 14.2.2022 |

ഗുണഭോക്താക്കളെ ഭവനനിർമ്മാണം പൂർത്തികരിപ്പിക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/17.7.24)നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഭാഗികമായി തുകകൾ കൈപറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-29 ആർവിപി പുതൂർ സ്ക്കൂൾ നവീകരണം പദ്ധതി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നം. - 170/24 – ആർവിപി പുതൂർ സ്ക്കൂൾ നവീകരണം പദ്ധതി -ബാക്കി തുക നൽകൽ

അടങ്കൽ - ₹1512000/- MG (NR)

ചെലവ് - ₹237425 (ബിൽനം./തീയതി- 14/26-8-2023)

₹998478 (സാങ്ഷൻ ഓർഡർ നം. 170/24-1-2023) -2022-23 വർഷം

അളവുപുസ്തകം- 6/2022

കരാറുകാരൻ- ശ്രീ.എം.നന്ദഗോപാൽ

എഗ്രിമെന്റ് നം. 3/3-8-2022

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ആർവിപി പുതൂർ സ്ക്കൂൾ നവീകരണം പദ്ധതി എന്ന പ്രവൃത്തിയിൽ സ്കൂൾ കെട്ടിടത്തിന്റെ ദ്രവിച്ചു നിലം പൊത്താവുന്ന കിഴക്ക് വടക്ക് മേൽക്കൂര മാറ്റി നവീകരിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം താഴെ പറയുന്ന സാധനങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ട്.

| ക്രമ നം. | ഇനം നം. | പൊളിച്ചുമാറ്റിയ ഇനം | അളവ് |
|---|---|---|---|
| 1 | 1.001 | 15.31 -Dismantling Tiled Roofing With Battens, Boarding Etc. Complete Including Stacking Of | 355.315m2 |

| | | | |
|---|---|---|---|
| | | Serviceable Material. | |

പൊളിച്ചു മാറ്റിയ ഇനങ്ങൾക്ക് താഴെ പറയുംപ്രകാരം വാല്യുവേഷൻ നടത്തി പ്രധാന അധ്യാപകൻ, ആർവി പൂതൂർ സ്ക്കൂളിന് കൈമാറി എന്ന് മെഷർമെന്റ് ബുക്ക് പേജ് നം. 1-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | Dismantled Quantity | ഇനം | അളവ് | നിരക്ക് ₹ | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1.48m3 | Wooden Reapers | 0.148m3 | 16000 | 2368 | Considered 100% Usable |
| 2 | 2.72m3 | Common Rafters | 0.95m3 | 26000 | 24700 | Considered 35% Usable |
| 3 | 1.29m3 | Common Rafters (Palm) | 0.25cum | 14000 | 3500 | Considered 20% Usable |
| | Total | | | | 30568 | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/15-7-2024 ന് തുടർ നടപടികൾക്കായി സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. പൊളിച്ചു മാറ്റിയ ഇനങ്ങൾ ലേലം ചെയ്തതിന്റെയും തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ്.

## 1-30 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാനുവലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന്

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 104/23-വിവിധ അംഗൻവാടികളിൽ മെയിന്റനൻസ് അടങ്കൽ - 1000000 - MG(NR) PAC- 838197.38 APAC- 745987 കരാറുകാരൻ - ശ്രീ.ഷംസുദീൻ.എൽ എഗ്രിമെന്റ് നം.: 30/3-2-2023 അളവു പുസ്തകം - 52855/2022 ചെലവ് - ₹551766 (സാങ്ഷൻ ഓർഡർ നം.307/26-3-2023) (2022-23) ₹175669 (ബിൽ നം. 36/17-1-2024) പൂർത്തീകരണ കാലാവധി - 6 മാസം | 2-8-2023 | 14-12-2023 | 3000 | 25146 (3%) | 22146 |
| | ആകെ ഈടാക്കേണ്ട തുക | | | | | 22146 |

3-2-2023ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 2-8-2023നാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 14-12-2023നാണ്. കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനവദിച്ചിട്ടില്ല.

തുക ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻകചയറി നം. 20/15-7-2024നൽകിയതിനെ തുടർന്ന് ₹3000/-രസീതി നം.1240200539/17-7-2024 പ്രകാരം അടച്ചിട്ടുണ്ട്. ബാക്കി തുക ₹22146 ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

5-ാം വാർഡ് കാമരാജ് കോളനിയിൽ 107m2 വിസ്തീർണ്ണത്തിൽ ഡോക്ടർ റൂം, ശുചിമുറികൾ, മരുന്ന് സൂക്ഷിക്കുന്നതിന് സ്റ്റോർ റൂം, രോഗികൾ വന്നാൽ കാത്തിരിക്കുന്നതിനുള്ള റൂം, അടുക്കള, ഫാർമസി, ചുറ്റുമതിൽ എന്നിവ ഉൾപ്പെടുന്ന RCC മേൽക്കൂരയോടു കൂടിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. മേൽ പദ്ധതിക്കു വേണ്ടി താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. 2022-23 വർഷം

പ്രൊജക്ട് നം.27/23-ആയുർവേദ ഡിസ്പെൻസറി പുതിയ കെട്ടിട നിർമ്മാണം

അടങ്കൽ - ₹3561000/- സി.എഫ്.സി.

ചെലവ് - ₹191410/- (സാങ്ഷൻ ഓർഡർ നം.236/10-3-2023)

2. 2023-24 വർഷം

പ്രൊജക്ട് നം.123/24-ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം - തുക നൽകൽ

അടങ്കൽ - ₹1300000/- സി.എഫ്.സി.

ചെലവ് - ₹1017553/- (സാങ്ഷൻ ഓർഡർ നം.217/4-12-2023)

₹152447/- (സാങ്ഷൻ ഓർഡർ നം.358/2-3-2024)

₹16672/- (സാങ്ഷൻ ഓർഡർ നം.393/14-3-2024)

ആകെ -₹1186672/-

=============

2. പ്രൊജക്റ്റ് നം.216/24-ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം - അധിക തുക നൽകൽ-രണ്ടാം ഘട്ടം

അടങ്കൽ - ₹356400/- സി.എഫ്.സി.

ചെലവ് - ₹320760/- (സാങ്ഷൻ ഓർഡർ നം.359/2-3-2024)

₹35640/- (സാങ്ഷൻ ഓർഡർ നം.392/14-3-2024)

ആകെ - ₹ 356400

=============

എഗ്രിമെൻ്റ് നം. 2/3-8-2022

കരാറുകാരൻ -ശ്രീ.എം.ബാബു

എം.ബുക്ക് നം. 16/22-23, 15/22-23

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റൻ്റ് എഞ്ചിനീയർ

ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ 3-8-2022ന് എഗ്രിമെൻ്റ് വെച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ടി.എസ്. പ്രകാരം 1 വർഷമാണ്. മേൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

15-7-2023ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം സ്ട്രക്ച്ചർ പൂർത്തീകരിച്ച് ജനലും വാതിലുകളും ഫിക്സ് ചെയ്ത് പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷിംഗ് പൂർത്തിയായതായി കണ്ടു.



ആയുർവേദ ആശുപത്രി കെട്ടിടം

പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർ നടപടി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/15-7-2024ന് കെട്ടിട നിർമ്മാണത്തിന് പ്രൊജക്റ്റ് അംഗീകരിക്കുന്ന സമയത്ത് പറഞ്ഞിരുന്ന സ്ഥലം ലഭ്യമാക്കുന്നതിന് തടസ്സമുണ്ടായി എന്നും അതിനുശേഷം നിലവിലുള്ള സ്ഥലം കണ്ടെത്തുവാൻ കാലതാമസം ഉണ്ടായി എന്നും തുടർന്ന് വർക്ക് Ongoing ആണ് എന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ സമർപ്പിച്ചിരിക്കുകയാണ്, റിവൈസ് ചെയ്തതിനുശേഷം മാത്രമേ തുടർപ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആയുർവേദ ആശുപത്രി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമമാക്കേണ്ടതും കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-32 തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ്- അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ നിരക്ക് അനുവദിക്കുകയും ആയത് പ്രകാരം കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടത്തി വിവിധ വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 614/-രൂപ വരെ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 310/- മുതൽ 410/- രൂപവരെയാണ് ഒരു ചാക്ക് സിമന്റിന് വിവിധ ബ്രാന്റ്കളുടെ മാർക്കറ്റ് വില (സൈറ്റ് ഡലിവറി ഉൾപ്പടെ ).തൊഴിലുറപ്പ് പദ്ധതിയുടെ -യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് "SECURE" എന്ന സോഫ്റ്റ്‌വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (50kg Bag ന് Rs. 614/-വരെ) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്‌വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് കോൺക്രീറ്റ് പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടുള്ളത്. ആയത് മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ തിയ്യതി | വാങ്ങിയ സിമന്റിന്റെ അളവ് (Tonne/ Bag) | സിമന്റ് വാങ്ങിയതിന് നൽകിയ തുക | |
|---|---|---|---|---|---|
| | | | | ഒരു Tonne / ഒരു ചാക്കിന്റെ വില | ആകെ |
| 1 | വടക്കു വീഥി റോഡ് കോൺക്രീറ്റ് ആകെ ചെലവ്-278525/- M Book No. 50/2023-24 വെണ്ടർ- ബാബു,കോൺട്രാക്ടർ | Window No. AS/40-2,15-04-23 | 9.900 Tonne (198 ചാക്ക്) | Rs. 12288/T (Or) Rs. 614,40/ ചാക്ക് | Rs. 121572/- As Per M-Book |
| 2 | തുളസി ഗാർഡൻ റോഡ് കോൺക്രീറ്റ് ആകെ ചെലവ്-468040- M Book No. 232/2023-24 വെണ്ടർ- മൊയ്തീൻ, | Window No. AS/40-2/2023/15-04-23 | 17.89 Tonne **357.8**ചാക്ക് | Rs. 12288/T (Or) Rs. 614,40/ ചാക്ക് | 194643.2 |

മേൽ 2 പ്രവൃത്തിയുടെ ഫയലിൽ കരാറുകാരൻ സിമന്റ് വാങ്ങിയതിന് യഥാർത്ഥ ബിൽ സമർപ്പിച്ചിട്ടില്ല. മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാത്തത് മൂലം അധിക നിരക്കിൽ സിമന്റ് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം (26/17-07-24) മറുപടി ലഭ്യമാക്കിയതിൽ സിമന്റ് നിരക്ക് ജില്ലാ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എങ്കിലും ഫയൽ പരിശോധിച്ചതിൽ സിമന്റ് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല. കേവലം

രണ്ട് പ്രവർത്തികൾക്കു വേണ്ടി 27.79 ടൺ സിമന്റ് വാങ്ങിച്ചിട്ടുണ്ട്. ഇതിലും കൂടുതൽ സിമന്റ് മറ്റു മരാമത്ത് പ്രവൃത്തികൾക്കു വേണ്ടി വാങ്ങിച്ചിട്ടുണ്ട്.

തൻ വർഷം നിർവ്വഹണം നടത്തിയ മറ്റ് 6 പ്രവർത്തികളുടെ ഇത്തരത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. എല്ലാ പർച്ചേസിന്റെയും ബില്ലുകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-33 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ -പ്രവർത്തനാവലോകനം

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ ജൈവ, അജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് 'ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ' എന്ന വിഷയം സംബന്ധിച്ച് ഹരിതകർമ്മസേനാംഗങ്ങൾ, ചാർജ് ഓഫീസറായ വി ഇ ഒ എന്നിവരിൽ നിന്നും ഹാജരാക്കിയ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലുമായി ഏകദേശം 18158 ജനങ്ങൾ താമസിച്ചുവരുന്നു. ഹരിതമിത്രം ആപ്ലിക്കേഷൻ പ്രകാരം 4461 ആൾതാമസമുള്ള വീടുകളും 454 കച്ചവടസ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. ഓരോ വാർഡിലും 2പേർ വീതം 14 വാർഡുകളിലുമായി 28 ഹരിതകർമ്മസേന അംഗങ്ങൾ ജോലി ചെയ്തുവരുന്നു. ഓരോ മാസവും ഹരിതകർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്നുണ്ടെങ്കിലും എല്ലാവരും എല്ലാ മാസവും യൂസർഫീസ് നൽകുന്നില്ല.

2) മാലിന്യ ശേഖരണ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്ലീൻകേരള കമ്പനിയുടെ കലണ്ടർ പ്രകാരമാണ് മാലിന്യ ശേഖരണം നടത്തുന്നത്. എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ക്യൂ ആർ കോഡ് പതിക്കുകയും മാസത്തിൽ ഒരു തവണ മാലിന്യം ശേഖരിക്കുകയും ചെയ്തു വരുന്നുണ്ട്. പഞ്ചായത്തിലെ ആൾതാമസമുള്ള എല്ലാ വീടുകളും തുറന്ന് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഹരിതമിത്രം ആപ്ലിക്കേഷനിൽ ഉൾപ്പെടുകയും അതുവഴി ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

എല്ലാ വാർഡുകളിലെയും വീട്, കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുകയും അവിടെ വെച്ചുതന്നെ മാലിന്യം തരംതിരിച്ച് താത്ക്കാലിക എം സി എഫുകളിലെത്തിക്കുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.

4) റീസൈക്ളിംങ്ങ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

നോട്ടീസ് അടിച്ച് വിതരണം ചെയ്യുകയും ഗ്രാമസഭ വഴിയും അതത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലും പൊതുജനങ്ങൾക്ക് ബോധവത്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. മാലിന്യസംസ്കരണം സംബന്ധിച്ചും ഹരിതകർമ്മസേനയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമായി ഹരിതസഭകൾ നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി

കുട്ടികളുടെ ഹരിതസഭകൾ, ഗ്രീൻ ഇവന്റ് എന്നീ പരിപാടികൾ നടത്തിയിട്ടുണ്ട്. 42 സ്ഥലങ്ങളിൽ അറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമസേനാംഗങ്ങൾക്ക് 6048 തൊഴിൽദിനങ്ങൾ ലഭിച്ചു. ഹരിതകർമ്മസേനാംഗങ്ങൾക്ക് നിലവിൽ പ്രതിമാസം 7500 രൂപയാണ് വരുമാനമായി ലഭിക്കുന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ട് നിലവിൽ അനുവദിക്കുന്നില്ല. സേനാംഗങ്ങൾക്ക് വരുമാനവർദ്ധനവിനായി മറ്റു മാർഗ്ഗങ്ങൾ ഒന്നും സ്വീകരിച്ചിട്ടില്ല.

7) അടിസ്ഥാന സൗകര്യ വികസനം

ഗ്രാമപഞ്ചായത്തിൽ സ്ഥിരം എംസിഎഫ് സംവിധാനമോ കെട്ടിടമോ യന്ത്രങ്ങളോ നിലവിലില്ല. പഴയ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന താത്ക്കാലിക എം സി എഫ്, വാർഡിലെ താത്ക്കാലിക ഷെഡിൽ പ്രവർത്തിക്കുന്ന താത്ക്കാലിക എം സി എഫ് എന്നിവയാണ് എംസി എഫ് സംവിധാനമായി ഉള്ളത്.നിലവിൽ അജൈവ മാലിന്യങ്ങൾ മാത്രമാണ് ശേഖരിക്കുന്നത്. നിലവിൽ 14 മിനി എം സി എഫുകളാണ് ഉള്ളത്. മാലിന്യം കളക്ട് ചെയ്യുന്നതിന് 2021-22 ൽ വാങ്ങിയ ഇലക്ട്രിക്ക് ഓട്ടോറിക്ഷാ പ്രവർത്തിക്കുന്നുണ്ട്.

8) പാരിസ്ഥിതിക ആഘാതം

മാലിന്യം പൊതുസ്ഥലത്ത് വലിച്ചെറിഞ്ഞതിന് 101800രൂപ കുറ്റക്കാരിൽ നിന്നും പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധന നടത്തുകയും തെളിവ് സഹിതം വിവരം നൽകുന്നവർക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്തുവരുന്നു.

9) പരിശീലനവും വികസനവും

ക്ലീൻ കേരള കമ്പനി, ട്രാഷ് ഗോൾഡ് എക്കോ എന്നിവ ഹരിതകർമ്മസേനാംഗങ്ങൾക്ക് പാഴ്‌വസ്തു സെഗ്രിഗേഷൻ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്

10) നിയമങ്ങൾ പാലിക്കൽ

നിലവിലെ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്.ഹരിതകർമസേന കൺസോർഷ്യം അവലോകനയോഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

11) ഹരിതകർമ്മസേന അംഗങ്ങളുടെ പ്രവർത്തനം

എല്ലാമാസവും പഞ്ചായത്തും സി ഡി എസും ഉൾപ്പെടെ ഹരിതകർമസേനാംഗങ്ങളുടെ മീറ്റിംഗ് നടത്തുകയും പ്രവർത്തനം മോണിറ്ററിംഗ് നടത്തുകയും ചെയ്തുവരുന്നു.മാലിന്യ ശേഖരണത്തിന് അംഗങ്ങളുടെ എണ്ണം,വാഹനലഭ്യത എന്നിവ പര്യാപ്തമാണ്.എന്നാൽ സ്ഥിരം എംസിഎഫ് സംവിധാനം നിലവിൽ വന്നിട്ടില്ല

## എം സി എഫ് അടിസ്ഥാന വിവരങ്ങൾ

1)അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ സ്ഥിരം എംസിഎഫ് സംവിധാനമോ കെട്ടിടമോ യന്ത്രങ്ങളോ നിലവിലില്ല. ബെയ്‌ലിംഗ് യൂണിറ്റ്, ഷ്രെഡിംഗ് യൂണിറ്റ് എന്നിവ ഇല്ല.പഴയ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന താത്ക്കാലിക എം സി എഫ്, 12 ാം വാർഡ് ആർ.വി പുതൂരിലെ താത്ക്കാലിക ഷെഡിൽ പ്രവർത്തിക്കുന്ന എം സി എഫ് എന്നിവയാണ് എംസി എഫ് സംവിധാനമായി ഉള്ളത്.

2)മാലിന്യ കൈമാറ്റ കാര്യക്ഷമത

വാർഡുകളിൽനിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിൽ എത്തിക്കുന്നു. ഇവ നിലവിൽ ട്രാഷ് ഗോൾഡ് കമ്പനിക്ക് കൈമാറുകയാണ് ചെയ്തുവരുന്നത്. ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് യൂസർഫീസ് കളക്ഷൻ പുരോഗമിച്ച് വരുന്നു.ആകെ ഡിമാന്റ് 739400 രൂപയിലെ 569250 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 177700 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

3)മാലിന്യ സംഭരണ ശേഷി

സ്ഥിരം എംസിഎഫ് സംവിധാനമോ കെട്ടിടമോ നിലവില്ലാത്തതിനാൽ മാലിന്യ സംഭരണശേഷി തീരെ കുറവാണ്.

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

ഹരിതകർമസേനാംഗങ്ങ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

എം സി എഫ് നേരിൽ സന്ദർശിച്ചതിന്റെ വിശദാംശം

പഴയ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന താത്ക്കാലിക എം സി എഫ്, 12 ാം വാർഡ് ആർ.വി പുതൂരിലെ താത്ക്കാലിക ഷെഡിൽ പ്രവർത്തിക്കുന്ന എം സി എഫ് എന്നിവയാണ് എംസി എഫ് സംവിധാനമായി ഉള്ളത്.കൈകാര്യം ചെയ്യാവുന്ന അളവിലുള്ള മാലിന്യങ്ങൾ മാത്രമാണ് എംസിഎഫിൽ സൂക്ഷിച്ചിട്ടുള്ളത്.





**ഓഫീസ് കെട്ടിടത്തിലെ താൽക്കാലിക എം.സി.എഫ്** **RV പുതൂരിലെ താൽക്കാലിക എം.സി.എഫ്**

ഭരണസമിതി സ്വീകരിച്ച നടപടികൾ

സ്ഥിരം എം സി എഫ് സംവിധാനം ഏറ്റവും സൗകര്യപ്രദമായ സ്ഥലത്ത് ലഭ്യമാക്കുന്നതിനായി മറ്റ് സർക്കാർ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങൾ ഇതിനായി ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷിച്ചിട്ടുണ്ട്.

നേരിട്ടും സാമൂഹ്യ മാധ്യമങ്ങൾ വഴിയും ഹരിതകർമസെനാംഗങ്ങളുടെ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാനും മോണിറ്ററിംഗ് നടത്തുന്നതിനും ഭരണസമിതി ശ്രദ്ധിക്കുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 08-07-2024മുതൽ 18-07-2024വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടിൽ ചെലവഴിക്കാത്ത തുകകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5709 | പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം | 0 | 5709 |
| | 2018-19 | 60000 | ലൈഫ് ഭവനം | 0 | 60000 |
| | 2018-19 | 46772 | പാൽ സബ്സിഡി | 0 | 46772 |
| | ആകെ | | | | 112481 |
| | 2023-24 | 9000 | 45/24, ഉഴവു കൂലി | 9000 | 0 |
| | 2023-24 | 257103 | 29/24, പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണം | 257103 | 0 |
| | ,, | 200000 | 44/24, ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | ,, | 2000000 | 68/24, ജലജീവൻ മിഷൻ | 2000000 | 0 |
| | .. | 260000 | 197/24, ലൈഫ് ഭവനം Tsp | 260000 | 0 |
| | ,, | 2760000 | 15/24 ലൈഫ് ഭവനം Scp | 2760000 | 0 |
| | ,, | 120000 | 196/24 ,ലൈഫ് ഭവനം (Gen) | 120000 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2018-19 | 519501 | ലൈഫ് ഭവനം- എസ്.സി | 0 | 519501 |
| | | 18144 | ലൈഫ് ഭവനം- ജനറൽ | 0 | 18144 |
| | 2023-24 | 122,790 | അഗതി രഹിത കേരളം | 0 | 122,790 |
| | | 343,890 | 218/24,സി സി ടി വി ക്യാമറ സ്ഥാപിക്കൽ | 0 | 343,890 |
| | | 16900 | 45/24, ഉഴവു കൂലി | 16900 | 0 |
| | | 122500 | 44/24, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 122500 | 0 |
| | | 270000 | 197/24, ലൈഫ് ഭവനം ടി എസ് പി | 270000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 4380000 | 15/24 ലൈഫ് ഭവനം എസ് സി പി | 4380000 | 0 |
| | | 140000 | 196/24 ലൈഫ് ഭവനം ജനറൽ | 140000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്ക് പ്രവൃത്തി നടത്തുന്നതിന് കെ എസ് ഇ ബി, വേലന്താവളം മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB, വേലന്താവളം | തെരുവുവിള ക്കുകൾക്ക് ലൈൻ ദീർഘിപ്പിക്കൽ | 251200001/ 26-03-24 | 380995 | 0 | 380995 |

മേൽ തുക Balance Sheet Schedule B-18“ Deposit Head -ൽ വന്നിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 40971055 | 800000 | 41771055 | 4942277 (*) | - | 36,828,778 |

(*) ആറ് ജി.ഒ പ്രോജക്കുകൾ പ്രകാരമുള്ള തുക.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 10000 രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2023-24 | ഓഡിറ്റ് അന്വേഷണം | 10000 | 1230200967/18-10-2023 | ജോസഫ് രാജ്, വെറ്റിനറി സർജ്ജൻ |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | ലഘു അവലോകനം | 2014-15 | 4.7.1 | നിഷ്ക്രിയ കുടിവെള്ള പദ്ധതി | 14-8-2018 ന് സിറ്റിംഗ് കഴിഞ്ഞു. അന്തിമ റിപ്പോർട്ട് ലഭ്യമായില്ല. |
| 2014-15 | 2.1 | 2016-17 | Annexure 4 | തൊഴിൽ നികുതി-അവലോകനം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |
| 2015-16 | 2.1 | 2016-17 | Annexure 5 | തൊഴിൽ നികുതി-അവലോകനം | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹57062672 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹34687110 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ----- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല.

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 22146 | സുഷമ.വി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 22146 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുഷമ.വി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് | നാൻസി നിവാസ്, പഴനിയാർപാളയം, കൊഴിഞ്ഞാമ്പാറ, പാലക്കാട് –678 555 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡി കകളുടെ എണ്ണം |
|---|---|---|
| 1998-99 | KSA-PKD11/1172/18 Dt. 09.10.2018 | 4 |
| 1999-00 | KSA-PKD11/1172/18 Dt. 09.10.2018 | 5 |
| 2000-01 | KSA-PKD11/1172/18 Dt. 09.10.2018 | 9 |
| 2001-02 | KSA-PKD11/1172/18 Dt. 09.10.2018 | 2 |
| 2002-03 | KSA-PKD11/1172/18 Dt. 09.10.2018 | 2 |
| 2003-04 | KSA-PKD11/1172/18 Dt. 09.10.2018 | 1 |
| 2004-05 | KSA-PKD11/1172/18 Dt. 09.10.2018 | 5 |
| 2005-06 | KSA-PKD11/1172/18 Dt. 09.10.2018 | 1 |
| 2006-07 | KSA-PKD11/1172/18 Dt. 09.10.2018 | 2 |
| 2007-08 | LFP11/2078/13/4.12.13 | 7 |
| 2008-09 | LFP11/709/13/18.06.13 | 2 |
| 2009-10 | LFP11/262/14/11.03.14 | 5 |
| 2010-11 | LFP11/2089/12/23.11.12 | 8 |
| 2011-12 | LFP11/712/14/06.06.14 | 3 |
| 2012-13 | LF.P11-334/15/ 26.3.15 | 7 |
| 2013-14, 2014-15 | KSA-PKD 11/1104/2016/ 03.08.2016 | 3 |
| 2015-16 | KSA-PKD11/2135/2016/ 21.01.2017 | 4 |
| 2016-17 | KSA-PKD11/1766/17/10.10.2017 | 7 |
| 2017-18 | KSA-PKD11/2252/2018/17.12.2018 | 6 |
| 2018-19 | KSA-PKD11/551/20/10.8.2020 | 5 |
| 2019-20 | KSA-PKD11/1434/22/ 22.07.2022 | 15 |
| 2020-21 | KSA-PKD11/1435/22 / 22.07.2022 | 18 |

| | | |
|---|---|---|
| 2021-22 | KSA-PKD11/2285/2022/31.01.2023 | 22 |
| 2022-23 | KSA-PKD11/1665/2022/14-12-2023 | 24 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 17 dated 17 dated 28-05-2024 and submitted on 25-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Eruthempathy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Eruthempathy Grama Panchayat as on 31-03-2024

**Date: 19/09/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Eruthempathy Grama Panchayat for the Year 2023-2024.

**1.Major Observations**

**2.Other Observations**

1.Basic ratios and notes to accounts are not furnished with AFS vide the Kerala Panchayath Raj(Accounts) Rules, 2011(Rule 62 e&f)

2.Asset Register is not updated

3. An amount of â□¹380995/- deposited with KSEB for works is not included in the balancesheet statement-B-18.

4. Some amount of receipts nonaccural in nature are different in Receipts &Payments and Income & Expenditure.

5. Amount received towards CFC & Health Grant is different in the AFS & ACR.

6. The figures in respect of advance in the AFS and that with the concerned Register doesnâ□□t match.

7. Amount of Deposit in the AFS and in the concerned Register is entirely different.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷിക കണക്ക്-പത്രികകൾ സംക്ഷിപ്തം

| | | | |
|---|---|---|---|
| | **Eruthempathy Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 19840570.00 |
| Cash | Cash | RP-40(a) | 105820.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 892250.00 |
| 140000000 | Fees & User Charges | RP-4 | 4879292.00 |
| 150000000 | Sale & Hire Charges | RP-5 | 76126.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8345700.00 |
| 171000000 | Interest Earned | RP-9 | 23167.00 |
| 210000000 | Establishment Expenses | RP-12 | 94130.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16430443.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4137147.00 |
| 460000000 | Loans, Advances and Deposits | RP-49 | 654881.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 12800.00 |
| 330000000 | Secured Loans | RP-31 | 800000.00 |
| 340000000 | Deposits Received | RP-33 | 333460.00 |
| 350000000 | Other Liabilities | RP-35 | 436886.00 |
| | **Grand total** | | **57062672.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 22557.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 812.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 524003.00 |
| 460000000 | Loans, Advances and Deposits | RP-49 | 2220972.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 59981.00 |
| 350000000 | Other Liabilities | RP-35 | 31858785.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22357793.00 |
| Cash | Cash | RP-40(b) | 17769.00 |

| | |
|---|---|
| **Grand Total** | **57062672.00** |

| | | | |
|---|---|---|---|
| | **Eruthempathy Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3609098.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 4894663.00 |
| 150000000 | Sale & Hire Charges | I-5 | 78781.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 128061760.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 23167.00 |
| 180000000 | Other Income | I-9 | 12800.00 |
| 190000000 | Prior Period Income | I-19 | -1064052.00 |
| | **Total Income** | | **136680269.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 9739445.00 |
| 220000000 | Administrative Expenses | I-11 | 1081636.00 |
| 230000000 | Operations & Maintenance | I-12 | 1277723.00 |
| 240000000 | Interest & Finance Charges | I-13 | 2651.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4451078.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 39402249.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6054115.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 31427702.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 34222500.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1467435.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **129126534.00** |
| | **Gross Surplus / Deficit of income over Expenditure** | | **7553735.00** |
| | **Gross Surplus / Deficit of income over Expenditure** | | **-35326799.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -43944586.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **42880534.00** |

**Eruthempathy Grama Panchayat BALANCE SHEET**

As on 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 4062394.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 9951.00 |
| 312000000 | Reserves | B-3 | 97600167.00 |
| | **Total Reserve & Surplus** | | **101672512.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17595784.00 |
| | **Total Grants, Contributions for Specific Purposes** | | **17595784.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 36828778.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **36828778.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1227150.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1741851.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2969001.00** |
| | **TOTAL LIABILITIES** | | **159066075.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 72604.00 |
| 412000000 | Capital Work in Progress | B-11(b) | 670502.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 52250.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 20595279.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 91023396.00 |
| 416000000 | Accumulated Depreciation | B-11(a) | -14145204.00 |
| | **Total Fixed Assets** | | **98268827.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 24001.00 |
| 431000000 | Sundry Debtors (Receivables) | B-15 | 639846.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 36388778.00 |
| 450000000 | Cash and Bank Balance | B-17 | 22375562.00 |
| 460000000 | Loans, Advances and Deposits | B-18 | 1369061.00 |

| | | | |
|---|---|---|---|
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **60797248.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **159066075.00** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ